## റൂളിംഗ്

### ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമാണോ എന്ന പ്രശ്നം സഭയിൽ കളക്ടീവ് വിസ്ഡം മുഖേനയും ആത്യന്തികമായി കോടതിയുമാണ് തീരുമാനിക്കേണ്ടത്

മി. സ്പീക്കർ : ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ചതും ശ്രീ. കെ.സി. ജോസഫ് കൂട്ടിച്ചേർത്തതുമായിട്ടുള്ള വിഷയം ഇത് ഭരണഘടനാവിരുദ്ധമായിട്ടുള്ള കാര്യങ്ങളാണ് എന്ന നിലയിലാണ്. ആർട്ടിക്കിൾ 243 (എഫ്) 1 (എ) അനുസരിച്ചും 243(എഫ്) 1 (ബി) അനുസരിച്ചും ഭരണഘടനയുടെ പത്താം ഷെഡ്യൂൾ അനുസരിച്ചും ഇതു വിരുദ്ധമാണെന്നാണ് ഇവിടെ വാദമുന്നയിച്ചത്. ആർട്ടിക്കിൾ 243 (എഫ്) 1 (എ) അനുസരിച്ച് അയോഗ്യതയെ സംബന്ധിക്കുന്ന കാര്യങ്ങൾ, നിയമസഭയ്ക്ക് നിലവിലുള്ള നിയമങ്ങൾ പഞ്ചായത്തിനും ബാധകമാണെന്നാണ് പറയുന്നത്. ആർട്ടിക്കിൾ 243(എഫ്) 1 (ബി) അനുസരിച്ചാണെങ്കിൽ അയോഗ്യത നിശ്ചയിക്കാൻ സംസ്ഥാന നിയമസഭകൾക്ക് അധികാരം നൽകുന്നു എന്നതുമാണ് പറയുന്നത്. ഇതു രണ്ടും പരിശോധിക്കുമ്പോൾ ഈ ബിൽ ഭരണഘടനാ വിരുദ്ധമാണെന്നു പറയാൻ നിർവ്വാഹമില്ല. പക്ഷെ ഡിസ്ക്വാളിഫിക്കേഷൻ പ്രിസ്ക്രൈബ് ചെയ്യാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ട്. പക്ഷെ പ്രിസ്ക്രൈബ് ചെയ്യുന്ന ഡിസ്ക്വാളിഫിക്കേഷൻ ഏതു ലെവൽവരെയാകും, അതിന്റെ വ്യാപ്തി എത്രവരെയാകാം എന്നീ വിഷയങ്ങൾ ഇവിടെ തർക്കവിഷയങ്ങളാകാം. അതു തീരുമാനിക്കേണ്ടത് കോടതിയാണ്. സാധാരണഗതിയിൽ, ഇത്തരത്തിൽ ഉള്ള വിഷയങ്ങൾ പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും പലപ്പോഴും ഉന്നയിക്കപ്പെടാറുണ്ട്. ഭരണഘടനാ വിരുദ്ധമാണോ അല്ലയോ എന്ന പ്രശ്നമുന്നയിക്കുമ്പോളെല്ലാംതന്നെ നമ്മുടെ നിലപാട് എന്നു പറയുന്നതു വളരെ വ്യക്തമാണ്. ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാവിരുദ്ധമാണോ എന്ന പ്രശ്നം സഭകളിൽ കളക്റ്റീവ് വിസ്ഡം മുഖേനയും ആത്യന്തികമായിട്ട് അതു എന്താണെന്ന് തീരുമാനിക്കേണ്ടത് കോടതിയുമാണ്. ഇതാണു സഭകളുടെ നിലപാട്. നിയമസഭയിലും പാർലമെന്റിലും പലപ്പോഴും നമ്മൾ ആ നിലപാട് വ്യക്തമാക്കിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ, ആ കീഴ്വഴക്കങ്ങൾ വച്ചുകൊണ്ടുതന്നെ ഈ ഒബ്ജക്ഷൻസ് നിലനിൽക്കുന്നതല്ലെന്ന് ചെയർ പറയാൻ ആഗ്രഹിക്കുകയാണ്. ശ്രീ. കെ.സി. ജോസഫ് ഇവിടെ 10-ാം ഷെഡ്യൂളിനെക്കുറിച്ച് ഇലാബറേറ്റായി ചില കാര്യങ്ങൾ സൂചിപ്പിച്ചു. അതുതന്നെ നിയമപ്രശ്നമെന്ന നിലയിൽ നാം പരിശോധിക്കേണ്ടതാണ്. ഇതുവച്ചുകൊണ്ട് ഈ ഒബ്ജക്ഷൻസ് ഭരണഘടനാവിരുദ്ധമെന്ന നിലയിൽ നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഞാൻ ദീർഘമായ ഒരു പ്രസംഗത്തിന് മുതിരുന്നില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, ഈ ബിൽ മലയാളത്തിലാണ് ചർച്ച ചെയ്യുന്നത്, അതിന്റെ ഒരു ട്രാൻസ്ലേഷൻ വേണമെന്ന് അങ്ങ് കഴിഞ്ഞ ദിവസം ഈ സഭയിൽ ഒരു റൂളിംഗ് നൽകിയിരുന്നു. ഇന്നുരാവിലെയാണ് ഇംഗ്ലീഷ് ട്രാൻസ്ലേഷൻ വെർഷൻ ഇവിടെ ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നത്. ഇത് 1998 ഒക്ടോബർ രണ്ടിന് പ്രൊമുൽഗേറ്റ് ചെയ്ത ഒരു ഓർഡിനൻസാണ്. ഇതു

LIBRARY ARCHIVES Kerala Legislative Assembly